(സി) അവ ഓരോന്നിന്റെയും പ്രവർത്തനം നിലച്ചത് എന്നു മുതൽ; അതിനുള്ള കാരണമെന്താണ്;

(ഡി) അവയുടെ കേടുപാടുകൾ തീർത്ത് എന്ന് പ്രവർത്തനം തുടങ്ങി; അവശേഷിക്കുന്നവയുടെ കേടുതീർത്ത് എന്ന് പ്രവർത്തിച്ചു തുടങ്ങും എന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) പെരിങ്ങൽകുത്ത് പദ്ധതിയിലെ ഒന്നാം നമ്പർ ജനറേറ്റർ (8 മെഗാവാട്ട്), പള്ളിവാസൽ പദ്ധതിയിലെ മൂന്നാം നമ്പർ ജനറേറ്റർ, ആറാം നമ്പർ ജനറേറ്റർ (7.5 മെഗാവാട്ട്) എന്നിവ കേടായിരുന്നു.

(സി) വിവരം ചുവടെ ചേർക്കുന്നു.

പദ്ധതി	*പ്രവർത്തനം നിലച്ച ദിവസം*	*കാരണം*
പെരിങ്ങൽകുത്ത്	9.3.1998	വൈൻഡിംഗ് കത്തിയതിനാൽ
പള്ളിവാസൽ (മൂന്നാം നമ്പർ ജനറേറ്റർ)	4.10.1995	വയറിംഗ് തകരാറ്
പള്ളിവാസൽ (ആറാം നമ്പർ ജനറേറ്റർ)	26.4.1998	വൈൻഡിംഗ് കത്തിയതിനാൽ

(ഡി) *പെരിങ്ങൽകുത്ത് :-*

വൈൻഡിംഗ് തകരാറുമാറ്റി ജനറേറ്റർ പ്രവർത്തിപ്പിച്ചപ്പോൾ അമിതമായ വൈബ്രേഷൻ അനുഭവപ്പെട്ടതുകാരണം പ്രവർത്തനം നിറുത്തിവച്ചു. വിശദമായ പരിശോധനകൾക്കുശേഷം മെയിൻ വീണ്ടും പ്രവർത്തനക്ഷമമാക്കാൻ നടപടികൾ എടുത്തുവരുന്നു.

പള്ളിവാസൽ (ആറാം നമ്പർ ജനറേറ്റർ):-

യൂണിറ്റിന്റെ ട്രയൽ റൺ നടത്തിക്കഴിഞ്ഞു.

പള്ളിവാസൽ (മൂന്നാം നമ്പർ ജനറേറ്റർ):-

കാലപ്പഴക്കം കാരണം ഈ യൂണിറ്റിന്റെ അറ്റകുറ്റപ്പണികൾ നടത്തണ്ട എന്ന് തീരുമാനമെടുത്തിരിക്കുകയാണ്. പള്ളിവാസൽ പുനരുദ്ധാരണ പദ്ധതിയിൽ ഈ മെഷീനും ഉൾപ്പെടുത്തിയിട്ടുണ്ട്.

96 (3279) തകരാറിലായ ജനറേറ്ററുകൾ

ശ്രീ. ജോർജ്. ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997 മാർച്ച് 1 മുതൽ 1999 ജൂൺ 1 വരെ സംസ്ഥാനത്തെ ഏതെല്ലാം വൈദ്യുത പദ്ധതികളുടെ ജനറേറ്ററുകൾ നിശ്ചലമായിട്ടുണ്ട്;

(ബി) ഇതുമൂലം എത്ര ലക്ഷം യൂണിറ്റിന്റെ ഉൽപ്പാദനം കുറഞ്ഞു;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിൽ ഓരോ യൂണിറ്റിന്റെയും ശേഷിയും ഓരോന്നും തകരാറിലായിക്കിടന്ന കാലാവധിയും വ്യക്തമാക്കുമോ?

ഉത്തരം

(എ) താഴെപ്പറയുന്ന വൈദ്യുത പദ്ധതികളുടെ ജനറേറ്ററുകൾ നിശ്ചലമായിട്ടുണ്ട്.

ബ്രഹ്മപുരം ഡീസൽ പവർ പ്ലാന്റ് - യൂണിറ്റ് 1 ആന്റ് യൂണിറ്റ് 5
പെരിങ്ങൽകുത്ത് - മെഷീൻ നം 1
ഇടുക്കി - മെഷീൻ നം.1,4
ശബരിഗിരി - മെഷീൻ നം. 1,2,3,4,5,6

(ബി) & (സി) വിശദവിവരം ചുവടെ ചേർക്കുന്നു.

പദ്ധതി	സ്ഥാപിത ശേഷി	പ്രവർത്തനം നിലച്ചത്	ഉൽപ്പാദന കുറവ്
ബ്രഹ്മപുരം ഡീസൽ യൂണിറ്റ്-1	21.32 മെഗാവാട്ട്	22.10.1998 മുതൽ 16.11.1998 വരെ	41.65 ലക്ഷം യൂണിറ്റ്
ബ്രഹ്മപുരം ഡീസൽ യൂണിറ്റ്-5	21.32 മെഗാവാട്ട്	29.5.1999 മുതൽ 28.6.1999 വരെ	50.54 ലക്ഷം യൂണിറ്റ്
പെരിങ്ങൽകുത്ത് നമ്പർ 1	8 മെഗാവാട്ട്	9.3.1998 മുതൽ പ്രവർത്തനം നിലച്ചു	230 ലക്ഷം യൂണിറ്റ്
ഇടുക്കി നമ്പർ യൂണിറ്റ്-1	130 മെഗാവാട്ട്	5.7.1997 മുതൽ 3.9.1997 വരെ	61 ലക്ഷം യൂണിറ്റ്
ഇടുക്കി നമ്പർ 4	130 മെഗാവാട്ട്	21.5.1997 മുതൽ 3.7.1997 വരെ	43 ലക്ഷം യൂണിറ്റ്
ഇടുക്കി നമ്പർ 4	130 മെഗാവാട്ട്	23.6.1998 മുതൽ 2.7.1998 വരെ	10 ലക്ഷം യൂണിറ്റ്
ഇടുക്കി നമ്പർ 4	130 മെഗാവാട്ട്	29.12.1998 മുതൽ 23.1.1999 വരെ	27 ലക്ഷം യൂണിറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ശബരിഗിരി നമ്പർ 1	50 മെഗാവാട്ട്	17.3.1998 മുതൽ 26.6.1998 വരെ	163 ലക്ഷം യൂണിറ്റ്
ശബരിഗിരി നമ്പർ 2	50 മെഗാവാട്ട്	1.3.1997 മുതൽ 29.4.1997 വരെ	60 ലക്ഷം യൂണിറ്റ്
ശബരിഗിരി നമ്പർ 2	50 മെഗാവാട്ട്	14.6.1997 മുതൽ 25.11.1997 വരെ	165 ലക്ഷം യൂണിറ്റ്
ശബരിഗിരി നമ്പർ 3	50 മെഗാവാട്ട്	1.3.1997 മുതൽ 12.5.1997 വരെ	73 ലക്ഷം യൂണിറ്റ്
ശബരിഗിരി നമ്പർ 3	50 മെഗാവാട്ട്	5.11.1997 മുതൽ 10.3.1998 വരെ	126 ലക്ഷം യൂണിറ്റ്
ശബരിഗിരി നമ്പർ 4	50 മെഗാവാട്ട്	1.3.1997 മുതൽ 12.5.1997 വരെ	73 ലക്ഷം യൂണിറ്റ്
ശബരിഗിരി നമ്പർ 4	50 മെഗാവാട്ട്	4.2.1998 മുതൽ 7.5.1998 വരെ	93 ലക്ഷം യൂണിറ്റ്
ശബരിഗിരി നമ്പർ 5	50 മെഗാവാട്ട്	1.3.1997 മുതൽ 18.5.1997 വരെ	79 ലക്ഷം യൂണിറ്റ്
ശബരിഗിരി നമ്പർ 5	50 മെഗാവാട്ട്	16.12.1998 മുതൽ 21.4.1999 വരെ	127 ലക്ഷം യൂണിറ്റ്
ശബരിഗിരി നമ്പർ 6	50 മെഗാവാട്ട്	23.1.1999 മുതൽ 5.2.1999 വരെ	14 ലക്ഷം യൂണിറ്റ്

LIBRARY ARCHIVES Kerala Legislative Assembly